പി.റ്റി(1)42789/2017

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി.23.10.2017

Email : keralarcs@gmail.com
Website : www.cooperation.kerala.gov.in
Tel : No. 0471 2330726

**സർക്കുലർ നമ്പർ 44/2017**

വിഷയം: 64-ാം സഹകരണ വാരാഘോഷം സംഘടിപ്പിക്കുന്നത് സംബന്ധിച്ച്-മാർഗ്ഗ നിർദ്ദേശം

സൂചന:
1. ദേശീയ സഹകരണ യൂണിയന്റെ 8.9.2017 ലെ NCUI/PR/64th /AICW/2017-18 നമ്പർ കത്ത്.
2. സംസ്ഥാന സഹകരണ യൂണിയന്റെ 7.10.2017 ലെ പി. ആർ/5962/17 നമ്പർ കത്ത്.
3. സംസ്ഥാന സഹകരണ യൂണിയന്റെ 16.10.2017 ലെ പി. ആർ/6553/16 നമ്പർ കത്ത്.

*****

ദേശീയ സഹകരണ യൂണിയന്റെ ആഹ്വാന പ്രകാരം എല്ല സംസ്ഥാനങ്ങളിലും സഹകരണ വാരാഘോഷം 2017 നവംബർ 14 മുതൽ 20 വരെയുള്ള ഒരാഴ്ചക്കാലം സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ വർഷത്തെ വാരാഘോഷത്തിന്റെ പ്രമേയം "ജനശാക്തീകരണം സഹകരണ സംഘങ്ങളുടെ ഡിജിറ്റലൈസേഷനിലൂടെ"(Empowering people through digitalization of Co-operatives) എന്നതാണ്.

64-ാമത് അഖിലേന്ത്യ സഹകരണ വാരാഘോഷ ദിനങ്ങളുടെ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 14.11.2017 | സഹകരണ സംഘങ്ങൾ വഴി സൽഭരണവും തൊഴിൽ പരിജ്ഞാനവും. |
| 15.11.2017 | സഹകരണ സംഘങ്ങൾ ഉൽപ്പാദകരിൽ നിന്നും ഉപഭോക്താവിലേക്ക്. |
| 16.11.2017 | സഹകരണ പ്രസ്ഥാനത്തിന്റെ അഭിവൃദ്ധിക്ക് സാധ്യമായ നിയമ നിർമ്മാണം. |
| 17.11.2017 | പൊതു-സ്വകാര്യ-സഹകരണ പങ്കാളിത്തം |
| 18.11.2017 | സഹകരണ സംഘങ്ങളിലൂടെ ധനകാര്യ ഉൾപ്പെടുത്തലും,സാങ്കേതിക വിദ്യയും, നാണ്യവിനിമയത്തിലൂടെയല്ലാതെയുള്ള പണമൊടുക്കൽ. |
| 19.11.2017 | സഹകരണ സംഘങ്ങൾ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ളവർക്കും, പ്രതികൂലാവസ്ഥയിലുള്ള വിഭാഗക്കാർക്കും |
| 20.11.2017 | നൈപുണ്യ വികസനത്തിൽ സഹകരണ സംഘങ്ങൾ പ്രധാന പങ്കാളി |

മേൽ വിഷയങ്ങൾ ആധാരമാക്കി സെമിനാറുകൾ,പ്രബന്ധ, പ്രസംഗ മത്സരങ്ങൾ, സാംസ്കരിക പരിപാടികൾ, പൊതു സമ്മേളനങ്ങൾ എന്നിവ സംഘടിപ്പിക്കേണ്ടതാണ്.

സംസ്ഥാന തലത്തിൽ സംസ്ഥാന സഹകരണ യൂണിയനും സർക്കിൾ തലത്തിൽ അതാത് സർക്കിൾ സഹകരണ യൂണിയനുകൾക്കുമാണ് സംഘാടന ചുമതല.

വാരാഘോഷത്തിന്റെ മുന്നോടിയായി സംസ്ഥാന സഹകരണ യൂണിയന്റെയും സർക്കിൾ യൂണിയനുകളുടെയും ആഭിമുഖ്യത്തിൽ സർക്കിൾ/ജില്ല/സംസ്ഥാന തല ത്തിൽ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി പ്രസംഗ, പ്രബന്ധമത്സരങ്ങൾ സംഘടിപ്പിക്കേണ്ടതും സംസ്ഥാനതല ഉദ്ഘാടന സമാപന ചടങ്ങുകളോടനുബന്ധിച്ച് ബന്ധപ്പെട്ട ജില്ലകളിൽ വർണ്ണാഭമായ സഹകരണ സാംസ്കാരിക ഘോഷയാത്രകളും പൊതു സമ്മേളനങ്ങളും സെമിനാറുകളും സംഘടിപ്പിക്കേണ്ടതുമാണ്.

വാരാഘോഷത്തിന്റെ സംസ്ഥാന തല ഉദ്ഘാടനവും സമാപന പരിപാടികളും സംഘടിപ്പിക്കുന്നതിന് ആവശ്യമായ ധനസമാഹരണം ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും അപ്പെക്സ് സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാന സഹകരണ യൂണിയന് നടത്താവുന്നതും സർക്കിൾ തലത്തിലുള്ള വാരാഘോഷ പരിപാടികൾ സംഘടിപ്പിക്കന്നതിനുള്ള ധനസഹായം സഹകരണ യൂണിയൻ ഭരണസമിതി/ സെക്രട്ടറിമാരുടെ നേതൃത്വത്തിൽ അതാത് സർക്കിളുകളിലെ സഹകരണ സ്ഥാപനങ്ങ ളിൽ നിന്നും സ്വീകരിച്ച് സംഘടിപ്പിക്കാവുന്നതുമാണ്.

(ഒപ്പ്)
എസ്.ലളിതാംബിക ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:

1. അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ
2. ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറേറ്റ്,ജവഹർ സഹകരണ ഭവൻ, തിരുവനന്തപുരം
3. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
4. എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും
5. എല്ലാ ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റ് മാർക്കും
6. എല്ലാ സർക്കിൾ സഹകരണയൂണിയൻ ചെയർമാൻ/സെക്രട്ടറിമാർക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖാന്തിരം
7. സഹകരണ സംഘം രജിസ്ട്രാർടെ മേശപ്പുറത്ത്
8. അഡീഷണൽ രജിസ്ട്രാറുടെ മേശപ്പുറത്ത്
9. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (എസ്.സി.റ്റി/പി.റ്റി)